LIBRARY ARCHIVES Kerala Legislative Assembly

വാട്ടർ അതോറിറ്റിയുടെ ലാഭവും നഷ്ടവും

255 (944) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റി നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ ലാഭം എത്രയാണ്; നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര?

ഉത്തരം

കേരള ജല അതോറിറ്റിയുടെ വാർഷിക കണക്കുകൾ 2013-14 വർഷം വരെ പൂർത്തീകരിച്ചു. 2013-14 വർഷത്തെ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം ടി വർഷത്തെ നഷ്ടം 449.23 കോടി രൂപയാണ്. ഇതിൽ സർക്കാർ ജിക്ക പദ്ധതികൾക്കായി നൽകിയ വായ്പയിന്മേൽ നൽകുവാനുള്ള പലിശ 216.46 കോടി രൂപയും ആസ്തികളിൽ മേലുള്ള തേയ്മാനം 73.98 കോടി രൂപയും ഒഴിച്ചാൽ പ്രവർത്തന നഷ്ടം 158.79 കോടി രൂപയാണ്.

കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കൽ

256 (945) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല നിവാസികൾക്കായി നടപ്പിലാക്കിയ ജപ്പാൻകുടിവെള്ള പദ്ധതിക്കായി ഇതിനോടകം എത്ര രൂക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ; ഇതിന്റെ ഗുണഭോക്താക്കൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശരിയായ രീതിയിലുള്ള പമ്പിംഗ് എല്ലാമേഖലകളിലേക്കുമുള്ള കുടിവെള്ള വിതരണവും സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ജപ്പാൻ കുടിവെള്ളത്തിന്റെ ശരിയായ രീതിയിലുള്ള വിതരണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; ഈ തടസ്സങ്ങൾ മാറ്റാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കുടിവെള്ളത്തിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് ശരിയായ രീതിയിൽ കുടിവെള്ളം ലഭിക്കുന്നതിന് എത്ര നാൾ ആകുമെന്ന് പറയാമോ; കോടികൾ മുടക്കിയുള്ള ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കാതെ വന്നാൽ ഉണ്ടാകാവുന്ന നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ, ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?